# ഗ്രാമ ന്യായാലയം, പാമ്പാടി

## ഹാജർ : ഗീതു ഭാസി, ന്യായാധികാരി

## സിവിൽ ജഡ്ജ് (ജൂനിയർ ഡിവിഷൻ)

തീയതി : 2025 ഡിസംബർ 30 , ചൊവ്വ

(21 ആശ്വിനം 1947)

## സി.എം.പി. നമ്പർ 70/2025

## (എം.സി. നമ്പർ 6/2021)

| | | |
|---|---|---|
| **ഹർജിക്കാർ** | 1. | സാൻസി സൂസൻ ജേക്കബ്, വയസ്സ്: 39/2021, D/o ജേക്കബ് ജോൺ, പാമ്പാടികണ്ടത്തിൽ വീട്, പോത്തൻപുരം പി.ഒ. പാമ്പാടി വില്ലേജ്, കോട്ടയം ജില്ല. |
| **പ്രതിനിധീകരിക്കുന്നത്** | | അഭിഭാഷക :– ലീന കൃഷ്ണൻ |
| **എതൃകക്ഷികൾ** | 1. | നേബു അലക്സ്, വയസ്സ്: 43, S/o. വി.കെ.അലക്സ്, കിഴക്കേടം വീട്, കിഴക്കേത്തെരുവ് പി.ഒ., കൊല്ലം ജില്ല. |
| | 2. | നിർമ്മല അലക്സ്, വയസ്സ്: 68, W/o. വി.കെ.അലക്സ്, കിഴക്കേടം വീട്, കിഴക്കേത്തെരുവ് പി.ഒ., കൊല്ലം ജില്ല. |

| | | |
|---|---|---|
| **പ്രതിനിധീകരിക്കുന്നത്** | | അഭിഭാഷകൻ :- ബിജീഷ് എസ്.പിള്ള & നിധീഷ് എസ്. |
| **വകുപ്പ്** | | സിവിൽ നടപടി നിയമം ഓർഡർ XVIII ചട്ടം 16, ഗാർഹിക പീഡനത്തിനെതിരെയുള്ള സ്ത്രീ സംരക്ഷണ നിയമം 2005 വകുപ്പ് 28(2) |
| **നിവൃത്തി** | | ഹർജി അനുവദിച്ച് ഉത്തരവായിരിക്കുന്നു. |

ഈ ഹർജി 30.12.2025 ന് വാദം കേൾക്കുകയും ഈ കോടതി അന്നേദിവസം തന്നെ താഴെപ്പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരിക്കുന്നു.

## ഉത്തരവ്

മേൽ നമ്പർ യഥാർത്ഥ എംസിയിലെ എതൃകക്ഷി സിവിൽ നടപടി നിയമം ഓർഡർ XVIII ചട്ടം 16 , ഗാർഹിക പീഡനത്തിനെതിരെയുള്ള സ്ത്രീ സംരക്ഷണ നിയമം 2005 വകുപ്പ് 28(2) എന്നിവ പ്രകാരം എതിർകക്ഷിയുടെ സാക്ഷിവിസ്താരം നേരത്തെ അനുവദിക്കുന്നതിന് സമർപ്പിച്ചിരിക്കുന്ന ഹർജി ആണിത്.

2. **ഹർജി സംഗതി** :- മേൽ നമ്പർ എം.സി ഹർജിക്കാരിയുടെ വിസ്താരം പൂർത്തിയാക്കി ഹർജി ഭാഗം കൂടുതൽ തെളിവുകൾക്കായി പോസ്റ്റ് ചെയ്തിരിക്കുകയാണ്. ഈ കേസിലെ എതിർകക്ഷി കുവൈറ്റിൽ ജോലി ചെയ്യുകയും സാധാരണയായി അവിടെ താമസിക്കുകയും ചെയ്യുന്ന ആളാണ്. ടിയാന് 20/12/2025 മുതൽ 5/01/2026 വരെയുള്ള കാലയളവിലേക്ക് അവധി കിട്ടിയിട്ടുള്ളതും ടി കാലയളവിൽ മാത്രമേ ടിയാൻ ഇന്ത്യയിൽ ഉണ്ടായിരിക്കുയുള്ളൂ. കൂടുതൽ അവധി നൽകുന്നതിന് ടിയാൻ ജോലി ചെയ്യുന്ന കമ്പനി അനുവദിക്കാതെ വരുന്നതുമാണ്. എതിർകക്ഷിയെ ഈ കേസിൽ സാക്ഷിയായി വിസ്തരിക്കേണ്ടത് കേസിന്റെ നീതിയുക്തമായ തീരുമാനത്തിന്

അത്യന്താപേക്ഷിതവും അനിവാര്യവുമാണ്. ഈ കാലയളവിൽ ടിയാന്റെ സാക്ഷ്യം രേഖപ്പെടുത്താൻ കഴിയാതെ വന്നാൽ അത് കേസിന്റെ തീർപ്പിന് അപരിഹാര്യമായ ബുദ്ധിമുട്ടും താമസവും ഉണ്ടാക്കുവാൻ ഇടയുള്ളതാണ്. സിവിൽ നടപടി നിയമം ഓർഡർ XVIII ചട്ടം 16 , ഗാർഹിക പീഡനത്തിനെതിരെയുള്ള സ്ത്രീ സംരക്ഷണ നിയമം 2005 വകുപ്പ് 28(2) ആയി കൂട്ടി വായിക്കുമ്പോൾ സാക്ഷിയുടെ വിസ്താരം നേരത്തെ അനുവദിക്കാനും കോടതിക്ക് സ്വന്തം നടപടിക്രമങ്ങൾ ക്രമീകരിക്കുവാനും ഉള്ള അധികാരം ഉള്ളതിനാൽ എതിർകക്ഷി നാട്ടിലുള്ള കാലയളവിൽ ഒന്നാം എതിർകക്ഷിയുടെ വിസ്താരം അനുവദിക്കുന്നതിന് സമർപ്പിച്ചിരിക്കുന്ന അപേക്ഷയാണിത്.

**3.** എതൃകക്ഷിക്ക് / എം.സി യിലെ ഹർജി കക്ഷിക്ക് ഹർജിയുടെ കോപ്പി നൽകി. എതിർകക്ഷി ഭാഗം ആക്ഷേപമില്ല എന്ന് ബോധിപ്പിച്ചു. ഇരുഭാഗവും വാദം കേട്ടു.

**4.** **<u>പരിഗണിക്കപ്പെടേണ്ട സംഗതി</u> :-**

1. ഹർജിയിൽ ആവശ്യപ്പെട്ടിരിക്കുന്ന പ്രകാരം ഹർജിക്കാർ ഭാഗം തെളിവ് അവസാനിപ്പിക്കുന്നതിന് മുമ്പ് തന്നെ എതിർകക്ഷിയെ വിസ്തരിക്കാൻ അനുവദിച്ചുകൊണ്ട് ഒരു ഉത്തരവ് ലഭിക്കുന്നതിന് എംസിയിലെ എതൃകക്ഷിക്ക്/ഹർജിക്കാരന് അവകാശമുണ്ടോ?

**5. <u>വിശകലനം</u> :-** ഹർജി സംഗതികളും യഥാർത്ഥ എം.സി യിലെ ഇതുവരെയുള്ള നടപടിക്രമങ്ങളും പരിശോധിക്കുന്നതിൽ നിന്നും ഹർജിക്കാരിയെ വിസ്തരിച്ച ശേഷം ഹർജിക്കാർ ഭാഗം കൂടുതൽ തെളിവിനായി അവധിക്കു വച്ചിരിക്കുന്ന കേസ് ആണിത് എന്ന് മനസ്സിലാക്കാൻ സാധിക്കുന്നു. സംരക്ഷണ ഉത്തരവും ജീവനാംശവും; പ്രമാണങ്ങളും സർട്ടിഫിക്കറ്റുകളും തിരിച്ച് ലഭിക്കുന്നതിനുള്ള ഉത്തരവും നഷ്ടപരിഹാര തുകയും എതിർകക്ഷിയിൽ നിന്ന് ആവശ്യപ്പെട്ടിരിക്കുന്ന ഈ ഹർജിയിൽ എതിർകക്ഷി വിസ്തരിക്കപ്പെടേണ്ടതും കേസിന്റെ നീതിയുക്തമായ തീരുമാനത്തിന് അത്യന്താപേക്ഷിതമാണെന്ന് ഈ കോടതി കണ്ടെത്തുന്നു. ഹർജി സത്യവാങ്മൂല പ്രസ്താവന പരിശോധിക്കുന്നതിൽ നിന്നും

കുവൈറ്റിൽ ജോലി ചെയ്യുന്ന എതിർകക്ഷിക്ക് അവധി കിട്ടാൻ ബുദ്ധിമുട്ടുള്ളതായും ഇപ്പോൾ 5/01/2026 വരെയുള്ള കാലയളവിലേക്ക് ടിയാൻ നാട്ടിലുള്ളതായും മനസ്സിലാക്കാൻ സാധിക്കുന്നു. 6/1/2025 ന് കുവൈറ്റിലേക്ക് തിരികെ പോകാൻ എതിർകക്ഷി എടുത്തിരിക്കുന്ന വിമാന ടിക്കറ്റിന്റെ കോപ്പിയും ഹാജരാക്കിയിരിക്കുന്നു. ഈ കാലയളവിൽ എതിർകക്ഷിയുടെ സാക്ഷ്യം രേഖപ്പെടുത്താൻ സാധിക്കാതെ വന്നാൽ കേസിന്റെ തീർപ്പിൽ അപരിഹാര്യമായ ബുദ്ധിമുട്ടും താമസവും ഉണ്ടാകാൻ ഇടയുള്ളതാണ് എന്ന കാര്യവും കോടതി അംഗീകരിക്കുന്നു. ഹർജിക്കാർ ഭാഗം തെളിവ് തുടങ്ങിവെച്ച കേസിൽ അത് അവസാനിപ്പിക്കാതെ എതിർകക്ഷിയെ വിസ്തരിക്കാൻ ആയി ഒരു ഉത്തരവ് നൽകാൻ ഈ കോടതിക്ക് അധികാരം ഉണ്ടോ എന്നതാണ് ഇവിടെ പരിശോധിക്കേണ്ടത്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതി *നീതു v. ടിജോ ജോസഫ് [2022 4 KHC 384]* എന്ന കേസിൽ ഗാർഹിക പീഡനത്തിൽ നിന്നുള്ള സ്ത്രീ സംരക്ഷണ നിയമം 2005 പ്രകാരമുള്ള കേസുകളിൽ കോടതികൾക്ക് കേസിന്റെ നീതിയുക്തമായ തീരുമാനത്തിന് ഉതകുന്ന വിധത്തിൽ നടപടി ക്രമങ്ങൾ ചിട്ടപ്പെടുത്താം എന്ന് പറഞ്ഞിട്ടുണ്ട്. ഗാർഹിക പീഡനത്തിൽ നിന്നുള്ള സ്ത്രീ സംരക്ഷണ നിയമം 2005 , വകുപ്പ് 28(2) ഉം ഇപ്രകാരം സ്വന്തമായി നടപടിക്രമങ്ങൾ ചിട്ടപ്പെടുത്താൻ ഉള്ള അധികാരം കോടതിക്ക് നൽകുന്നു. എതിർകക്ഷി ഭാഗത്ത് നിന്ന് സത്യവാങ്മൂലവും പ്രമാണ ജാപ്തയും ഫയൽ ആക്കിയിരിക്കുന്ന സാഹചര്യത്തിൽ എം.സിയുടെ സമയോചിതമായ തീർപ്പിന് എതിർകക്ഷി ഭാഗവും പരിശ്രമിക്കുന്നു എന്ന് മനസ്സിലാക്കാൻ സാധിക്കുന്നു . ആയതിനാൽ തന്നെ എതിർകക്ഷിക്ക് ലഭ്യമായിട്ടുള്ള പരിമിതമായ അവധി കണക്കിലെടുത്ത് ടിയാനെ കാലതാമസം കൂടാതെ വിസ്തരിക്കുവാൻ ഈ കോടതി അനുവദിച്ചു ഉത്തരമായിരിക്കുന്നു.

6. **<u>ഉത്തരവ്</u>** :- മേൽ വിശകലനത്തിന്റെ അടിസ്ഥാനത്തിൽ എതിർകക്ഷിയെ കാലതാമസം കൂടാതെ തന്നെ വിസ്തരിക്കുവാൻ അനുവദിച്ചുകൊണ്ട് ഈ ഹർജി ഉത്തരവ് ആയിരിക്കുന്നു.

(കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് കേട്ടെഴുതി വിവരങ്ങൾ ടൈപ്പ് ചെയ്തിട്ടുള്ളതും ഞാൻ വായിച്ചുനോക്കി തെറ്റ് തിരുത്തിയിട്ടുള്ളതും, 2025 –)O മാണ്ട് ഡിസംബർ മാസം 30–)o തീയതി തുറന്ന കോടതിയിൽ ഈ ഉത്തരവ് പ്രസ്താപിച്ചിട്ടുള്ളതുമാണ്.)

(ഒപ്പ്)
**ഗീതു ഭാസി**
**ന്യായാധികാരി**
**ഗ്രാമ ന്യായാലയം, പാമ്പാടി**

//പകർപ്പ്//

**ഗീതു ഭാസി**
**ന്യായാധികാരി**
**ഗ്രാമ ന്യായാലയം, പാമ്പാടി**

**ഉത്തരവ്**
**C.M.P. No.70/2025**
**M.C. No.6/2021**
**തീയതി: 30.12.2025**